കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ജില്ലാ ഓഡിറ്റ് കാര്യാലയം

## പാലക്കാട്

ഫോൺ – 04912520145

ഇ-മെയിൽ – dopkd.ksad@kerala.gov.in

# കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി125/1676/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
തീയതി – 05.02.2020

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത്

സർ,

<u>**വിഷയം :**</u>
കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന

ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി25/1676/2019 തീയതി-05.02.2020

## പാലക്കാട് ജില്ലയില കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 5.05.2019 മുതൽ 19.10.2019 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.
14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സുനിൽ ദത്ത് എം. ആർ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.10.2019 മുതൽ 30.10.2019 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|

| | |
|---|---|
| കെ.ജി. റോബർട്ട് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| യു. പ്രീത | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| രാജേശ്വരി.സി | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ശാരദ തുളസീദാസ് | 1-4-2018 മുതൽ 31-3-2019വരെ |
| സെക്രട്ടറി | ശ്രീ കെ എ. തോമസ് | 1-4-2018 മുതൽ 23.07.2018 വരെ |
| | ശ്രീ എൻ. രാധാകൃഷ്ണൻ | 24.07.2018 മുതൽ 31.07.2018വരെ |
| | ശ്രീ. ഉമ്മർ കൊങ്ങത്ത് | 01.08.2018മുതൽ<br><br>31.01.2019 വരെ |
| | ശ്രീ അനീഷ് ജി.ആർ | 01.02.2019 മുതൽ 31.03.2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| ചൈൽഡ് ഡവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ | ശ്രീമതി. ലതാ കൃഷ്ണകുമാരി ടിവി | 1-4-2017മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ-CHC നന്ദിയോട് | ഡോ: ശബ്ന.ടി.എച്ച് | 1-4-2018മുതൽ 2-07-2018 വരെ |
| | ഡോ. അഷ്ന. സി. മാനവൽ | 3-07-2018മുതൽ 11-09-2018 വരെ |
| | ഡോ. ഷീജ പണ്ടക്കാലകത്ത് | 12-09-2018മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ-CHC കൊടുവായൂർ | ഡോ:സിന്ധു.എം.എ | 1-4-2018മുതൽ 31-03-2019വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ. മനോഹരൻ. കെ | 1-04-2018മുതൽ 31-08-2018 വരെ |
| | ശ്രീ. പ്രദീപ്. പി | 1-09- |

| | | |
|---|---|---|
| | | 2018മുതൽ 31-03-2019 വരെ |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. രാജീവ്. പി | 1-04-2018മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് ഡയറക്ടർ-കൃഷി | ശ്രീ. ജോൺ ജോസഫ് | 1-4-2018മുതൽ 3.09.2018 വരെ |
| | ശ്രീമതി.മഞ്ജു.എസ്.പി | 4.09.2018മുതൽ 8.11.2018വരെ |
| | ശ്രീമതി കെ.കെ ബിന്ദു | 9.11.2018മുതൽ 31.03.2019വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | ശ്രീ ടി.കെ ഹരിദാസൻ | 1-4-2018മുതൽ 13-06-2018വരെ |
| | ശ്രീ.ഗോപകുമാർ.വി.എസ് | 14-06-2018മുതൽ 31-03-2019വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ബ്രിൻസി മാണി | 1-04 -2018മുതൽ 26-10-2018 വരെ |
| | ശ്രീമതി ബിന്ദു. എൻ | 27-10-2018മുതൽ 19-02-2019 വരെ |
| | ശ്രീമതി. നാൻസി.കെ. വർഗ്ഗീസ് | 20-02-2018മുതൽ 31-03-2019 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീ. പി. ദിലീപ് കുമാർ | 1-4-2018മുതൽ 31-3-2019 വരെ |
| സൂപ്രണ്ട് വൃദ്ധ വികലാംഗ സദനം | ശ്രീ.പി. നാരായണൻ | 1-4-2018മുതൽ 31-3-2019 വരെ |

**ഉള്ളടക്കം**

**ഭാഗം 1**

**ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം**

| | | |
|---|---|---|
| 1 | ബജറ്റ് | 1–1 |
| 2 | വാർഷികധനകാര്യപത്രിക | 1–2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1–3 |
| 4 | ഫണ്ട് വിനിയോഗം | 1–4 |
| 5 | പദ്ധതി അവലോകനം | 1–5 |
| 6 | ആഭ്യന്തരനിയന്ത്രണം | 1–7 |
| 7 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1–8 |
| 8 | സർക്കാർ മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള അക്കൗണ്ടിങ്ങ് രീതികൾ വരും വർഷങ്ങളിൽ അവലംബിക്കേണ്ടതാണ് | 1–9 |
| 9 | നിക്ഷേപ പ്രവൃത്തികളുടെ റീഫണ്ട് തുകകൾ നിർദ്ദിഷ്ട ഫണ്ടുകളിലേക്ക് അടവാക്കേണ്ടതാണ് | 1–10 |
| 10 | വിവിധ ഭവന നിർമ്മാണ പദ്ധതികൾ - അവലോകനം | 1–11 |
| 11 | ലൈഫ് ഭവന പദ്ധതി - ബ്ലോക്ക് വിഹിതം (ജനറൽ) - ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1–12 |
| 12 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുക - ധനവിനിയോഗം/ പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ് | 1–13 |
| 13 | വനിതാ ഗ്രൂപ്പിന് ഭവന നിർമ്മാണ സാമഗ്രികളുടെ നിർമ്മാണ യൂണിറ്റിന് ധനസഹായം - ബ്ലോക്ക് തലത്തിൽ കൃത്യമായ തുടർ മോണിട്ടറിങ്ങ് നടത്തേണ്ടതാണ് | 1–14 |
| 14 | കൊട്ടുവായൂർ വൃദ്ധ വികലാംഗ സദനത്തിലേക്ക് മരുന്നു വാങ്ങൽ | 1–15 |
| 15 | പാലിയേറ്റീവ് പദ്ധതി മരുന്ന് വാങ്ങൽ - 26,202/-രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല | 1–16 |
| 16 | പാലിയേറ്റീവ് പദ്ധതി - ബ്ലോക്ക് വിഹിതം - ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1–17 |
| 17 | ചെറുകിട വ്യവസായ വികസനം - പദ്ധതി ആസൂത്രണ – മോണിറ്ററിംഗ് സംവിധാനങ്ങൾ ശക്തിപ്പെടുത്തേണ്ടതാണ് | 1–18 |
| 18 | വാർഷിക പദ്ധതികളുടെ ആസൂത്രണം പ്രവർത്തികളുടെ | 1– |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം



| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരം | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | പത്രികകൾ | |



# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

# 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് താഴെ പറയും വിധം 27.02.18 തീയതിയിലെ 2(1) - ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു.

| | |
|---|---|
| പ്രതീക്ഷിത വരവ് | 737678155 |
| | |

| | |
|---|---|
| പ്രതീക്ഷിത ചെലവ് | 703529000 |
| നീക്കിയിരുപ്പ് | 34149155 |

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 22.05.2019 | - | - |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 67710206 |
| വരവ് | 143598368 |
| ആകെ | 211308574 |
| ചെലവ് | 145942272 |
| നീക്കിയിരിപ്പ് | 65366302 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 47254000 | 47254000 | 46743001 | 510999 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 31461000 | 31461000 | 31137671 | 323329 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 4620000 | 4620000 | 4620000 | 0 |
| മെയിന്റനൻസ്, നോൺ- | 0 | 5596000 | 5596000 | 4329342 | 1266658 |

| | | | | | | |
|---|---|---|---|---|---|---|
| റോഡ് (ACR പ്രകാരം) | | | | | | |
| കേന്ദ്ര ഫണ്ട് | ബി.ആർ.ജി.എഫ് (PNB-67593) | 131954 | 0 | 131954 | 70 | 131884 |
| | ടി.എസ്.സി (PNB- 57462) | 15532 | 86941 | 102473 | 17488 | 84985 |
| തനത് ഫണ്ട് -ട്രഷറി അക്കൗണ്ട്- | | 755968 | 11139047 | 11895015 | 7509225 | 4385790 |
| SIB old age home-41224 | | 29864375 | 1212613 | 31076988 | 0 | 31076988 |
| *ജോയിന്റ് വെഞ്ചർ - ഗ്രാമ പഞ്ചായത്ത് വിഹിതം | | 1220625 | 4223050 | 10115310 | 5901660 | 3283050 |
| ടി - ജില്ലാ പഞ്ചായത്ത് വിഹിതം | | | 4671635 | | | 930600 |
| IAY- പ്ലാൻ- PNB-67423 | | 15390888 | 25508125 | 40899013 | 25509549 | 15389464 |
| IAY- സംസ്ഥാന വിഹിതം - 42044 | | 17485099 | 12317708 | 29802807 | 21064395 | 8738412 |
| പ്ലാൻ -PNB 59196 | | 660541 | 480118 | 1140659 | 106 | 1140553 |
| Misc- PNB - 67450 | | 2185224 | 239968 | 2425192 | 2220616 | 204576 |

* ജോയിന്റ് വെഞ്ചർ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഗ്രാമ, ജില്ലാ പഞ്ചായത്തുകൾ തിരിച്ചുള്ള മുന്നിരിപ്പ്, ചെലവ് വിവരങ്ങൾ ലഭ്യമല്ല.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 133 | 173059198 | 100 | 86630030 | 33 | 75 |

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരം നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവ് വിവരം

| നിർവ്വഹണോദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി | 22 | 18 | 50254825 | 28148914 | 56 |
| അസി. എക്സി.എഞ്ചിനീയർ | 101 | 72 | 99910631 | 39612916 | 40 |
| കൃഷി അസി.ഡയറക്ടർ | 1 | 1 | 8998180 | 8998180 | 100 |
| മെഡിക്കൽ ഓഫീസർ- സി.എച്ച്.സി | 3 | 3 | 1150000 | 1083716 | 94 |
| പട്ടികജാതി വികസന ഓഫീസർ- | 1 | 1 | 4600000 | 3070000 | 67 |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 1800000 | 1450000 | 81 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 2904362 | 1452181 | 50 |
| സി.ഡി.പി.ഒ | 2 | 2 | 1941200 | 1914123 | 99 |
| വ്യവസായ വികസന ഓഫീസർ | 1 | 1 | 1500000 | 900000 | 60 |
| ആകെ | 133 | 100 | 173059198 | 86630030 | 50 |

ആകെ വകയിരുത്തിയ തുകയുടെ 50% ആണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും ആസൂത്രണ സമിതിയുടെയും,വർക്കിങ്ങ് ഗ്രൂപ്പുകളുടെയും ഇടപെടൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>വർക്കിംഗ് ഗ്രൂപ്പുകൾ</u>

സാമ്പത്തിക വർഷത്തെ വർക്കിങ്ങ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ രണ്ട് തവണ മാത്രമാണ് എല്ലാ ഗ്രൂപ്പുകളും യോഗം ചേർന്നിട്ടുള്ളതെന്ന് കാണുന്നു. വിവിധ മേഖലകളിലെ അടിസ്ഥാന വിവരങ്ങൾ അടങ്ങുന്ന സ്റ്റാറ്റസ് റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. 16.11.2017 ലെ സ.ഉ (എം.എസ്) 224/2017/ ത.സ്വ.ഭ.വ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് ആസൂത്രണ സമിതിയും, വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിക്കേണ്ടതും, അവസ്ഥാ രേഖകൾ പരിഷ്ക്കരിക്കേണ്ടതുമാണ്.

അതാത് പദ്ധതി ഫയലുകളിൽ മോണിട്ടറിങ്ങ് റിപ്പോർട്ട് ഇല്ല. പദ്ധതി നടപ്പാക്കിയതിന് ശേഷം പൂർത്തീകരണം വരെയും ഓരോ വർക്കിങ്ങ് ഗ്രൂപ്പും മോണിട്ടറിങ്ങ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്.

# 1-6 ആഭ്യന്തര നിയന്ത്രണം

I. രജിസ്റ്ററുകളുടെയും, രേഖകളുടെയും സൂക്ഷിപ്പ്

1. മാസ്റ്റർ ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2. സ്റ്റോക്ക് രജിസ്റ്ററുകളിൽ ആസ്തിയുടെ മൂല്യം ചേർക്കുന്നില്ല.

3. സംയുക്ത പ്രൊജക്ടുകൾക്ക് പ്രത്യേക അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

II. പ്രൊക്യൂർമെന്റ് കമ്മിറ്റി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ (പി) 259/2010 ത.സ്വ.ഭ.വ08.11.2010 പ്രകാരം പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും സാമഗ്രികളുടെ വാർഷിക ആവശ്യകത കണക്കാക്കി സമഗ്രമായ ഒരു സമാഹരണ പദ്ധതി ബ്ലോക്ക്പഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല. പ്രൊക്യൂർമെന്റ് ടീം ഈ വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

III. ആസ്തിസംരക്ഷണം

13-ാം പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്)72/2017 ത.സ്വ.ഭ.വ തീയതി 29.03.2017ൽ അനുശാസിക്കും പ്രകാരം ഘടക സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി റോഡിതര മെയ് ന്റനൻസ് ഫണ്ട് വിനിയോഗിക്കുന്നതിന് പ്രത്യേകമായി ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. എന്നാൽ സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് ആയത് തയ്യാറാക്കിയിട്ടില്ല. ആസ്തി സംരക്ഷണ പദ്ധതിക്ക് അന്തിമ രൂപം നൽകുന്നതിനു മുമ്പായി വിളിച്ചു ചേർക്കുന്ന ഘടകസ്ഥാപനങ്ങളിലെ മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രൊജക്ടുകളായിരിക്കണം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. അത്തരത്തിലുള്ള പ്രവർത്തനങ്ങളൊന്നും തന്നെ തൻവർഷം നടന്നിട്ടില്ല.

ആസ്തി പരിപാലന പട്ടിക - ജി.ഒ (എം.എസ്) 362/2013 ത.സ്വ.ഭ.വ 16.11.2013 (12-ാം പദ്ധതി) ൽ അനുശാസിക്കും പ്രകാരം ആസ്തി വിവരങ്ങൾ

കാലികമാക്കുന്നതിനോടൊപ്പം മുൻഗണനാ ക്രമമനുസരിച്ച് ആസ്തി ഇൻഡക്സ് നമ്പർ നൽകി ആസ്തി പരിപാലന പട്ടിക തയ്യാറാക്കേണ്ടതാണ്.

# 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.11.18 – 4.12.18 | 1.04.17 മുതൽ 31.03.18 വരെ | 6.03.19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.01.15 – 30.01.15 | 2009-10 മുതൽ 2013-14 വരെ | 5.02.15 |

# 1-8 സർക്കാർ മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള അക്കൗണ്ടിങ്ങ് രീതികൾ വരും വർഷങ്ങളിൽ അവലംബിക്കേണ്ടതാണ്

സ.ഉ (പി)നം. 62/2018/ഫിൻ തീയതി 16.04.18 പ്രകാരം 2018-19 സാമ്പത്തിക വർഷം മുതൽ പ്ലാൻ ഫണ്ടിന് ഒരു പ്ലാൻ സ്കീം ട്രഷറി സേവിങ്ങ്സ് ബാങ്ക് (PSTSB) അക്കൗണ്ട് മാത്രമാണ് നിലനിർത്താവുന്നത്. മറ്റ് STSB , ബാങ്ക് അക്കൗണ്ടുകളിലേക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുവാൻ പാടുള്ളതല്ല. ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ രീതിയാണ് അവലംബിക്കാവുന്നത്. ചെലവഴിക്കാത്ത തുക PSTSB അക്കൗണ്ടിന്റെ അധികാരിയുടെ അപേക്ഷയിന്മേൽ സ.ഉ (പി) നം 86/2018/ഫിൻ തീയതി 17.08.2018 പ്രകാരം ബന്ധപ്പെട്ട ട്രഷറി ഓഫീസർ തിരിച്ചടക്കേണ്ടതാണ്. പ്ലാൻ ഫണ്ടിന്റെ താല്ക്കാലിക വിനിയോഗത്തിനായുള്ള ഈ അക്കൗണ്ടിൽ സാമ്പത്തിക വർഷത്തിനപ്പുറം തുക നിലനിർത്തുന്നതല്ല.

സ.ഉ (പി) നം.53/2018/ഫിൻ തീയതി 16.08.2018 പ്രകാരം ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതിയില്ലാതെ പ്ലാൻ സ്കീം തുക ഓഫീസിന്റെയോ, നിർവ്വഹണോദ്യോഗസ്ഥന്റെയോ പേരിലുള്ള ട്രഷറി/ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റരുത്.

മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിവിധ അക്കൗണ്ടുകൾ സംബന്ധിച്ച് സ്വീകരിക്കേണ്ട തുടർനടപടികളുടെ സാധ്യത പരിശോധിക്കേണ്ടതാണ്.

എ) പ്ലാൻ PNB അക്കൗണ്ട് (അക്കൗണ്ട് നം - 59196)

പ്രസ്തുത അക്കൗണ്ടിലെ 31.03.19 ലെ നീക്കിയിരുപ്പ് 1140553/-രൂപയാണ്. പ്രസ്തുത അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരുപ്പിന്റെ വിശദ വിവരങ്ങൾ തിട്ടപ്പെടുത്തി വിനിയോഗിക്കാത്ത പ്ലാൻ ഫണ്ട് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

ബി) IAY - പ്ലാൻ അക്കൗണ്ട് (PNB – 67423)

പ്രസ്തുത അക്കൗണ്ടിലെ 31.03.2019 ലെ നീക്കിയിരുപ്പ് 15389464/-രൂപയാണ്. ഇതിൽ മുൻ വർഷങ്ങൾ മുതൽ ലഭ്യമായ ഗ്രാമപഞ്ചായത്ത്, ജില്ലാപഞ്ചായത്ത് വിഹിതങ്ങൾ ഉൾപ്പെടുന്നു. പ്രസ്തുത അക്കൗണ്ട് പ്രകാരമുള്ള തുക നിലവിൽ ഭവന നിർമ്മാണ പദ്ധതിക്കായി(Life Phase-1) വിനിയോഗിക്കുന്നുണ്ട്. ആയതിനാൽ വിനിയോഗം കഴിച്ചുള്ള നീക്കിയിരുപ്പ് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

സി) നിഷ്ക്രിയ അക്കൗണ്ട് ക്ലോസ് ചെയ്ത് നീക്കിയിരുപ്പ് തിരിച്ചടക്കേണ്ടതാണ്

താഴെ പറയുന്ന നിഷ്ക്രിയ അക്കൗണ്ട് ക്ലോസ് ചെയ്ത് നീക്കിയിരുപ്പ് നിർദ്ദിഷ്ട ഫണ്ടിലേക്ക് തിരിച്ചടച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

BRGF (PNB – 67593) – 31.03.19 ലെ നീക്കിയിരുപ്പ് - 131884

ഡി) SIB old age home (അക്കൗണ്ട് നം - 41224)

കൊടുവായൂർ വൃദ്ധ വികലാംഗ സദന കെട്ടിട നിർമ്മാണത്തിന് സാമൂഹ്യ നീതി വകുപ്പ് അനുവദിച്ച തുക 31,076,988/-രൂപ (പലിശ ഉൾപ്പെടെ) SIB old age home (അക്കൗണ്ട് നം - 41224) ൽ വിനിയോഗിക്കാതെ അവശേഷിക്കുന്നു. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് നിലവിലെ സ്ഥിതി വിശദമാക്കുവാൻ ആവശ്യപ്പെട്ടതിൽ (ഓഡിറ്റ് അന്വേഷണം നം- 10/25.10.19) താഴെ പറയും പ്രകാരമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

"നിർമ്മാണം നടത്തുവാൻ ഉദ്ദേശിച്ച സ്ഥലം നിലം എന്ന ഗണത്തിൽ ഉൾപ്പെട്ടതായതിനാൽ സർക്കാരിൽ നിന്നും നാളിതുവരെ നിർമ്മാണത്തിനുള്ള അംഗീകാരം ലഭ്യമായിട്ടില്ല. വൃദ്ധ വികലാംഗ ക്ഷേമം ലക്ഷ്യം വെച്ച് വാങ്ങിയ സ്ഥലമായതിനാൽ വിഷയം അനുഭാവപൂർവ്വം പരിഗണിച്ച് കെ.എൽ.യു അനുവദിച്ചു തരുന്നതിനുള്ള മേൽനടപടികൾ കൈക്കൊള്ളുന്നതിനായി 20.06.19 ന് സർക്കാരിലേക്ക് വീണ്ടും അപേക്ഷിച്ചിട്ടുണ്ട്."

തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-9 നിക്ഷേപ പ്രവൃത്തികളുടെ റീഫണ്ട് തുകകൾ നിർദ്ദിഷ്ട ഫണ്ടുകളിലേക്ക് അടവാക്കേണ്ടതാണ്

സെക്യൂരിറ്റി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയും പ്രകാരം വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭ്യമായ നിക്ഷേപ പ്രവൃത്തികളുടെ റീഫണ്ട് തുകകൾ കൊല്ലങ്കോട് PNBയിൽ (അക്കൗണ്ട് നം - 59196) നിക്ഷേപിച്ചതായിക്കാണുന്നു. ആയത് നിർദ്ദിഷ്ട ഫണ്ടുകളിലേക്ക് അടവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | റീഫണ്ട് വിവരം | ഡി ഡി നം/ തീയതി | തുക | അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തീയതി |
|---|---|---|---|---|
| 1 | കുന്നുമണി കോളനി കുടിവെള്ളപദ്ധതി - KWA, പാലക്കാട് | 937408/12.09.18 | 33239 | 26.09.18 |
| 2 | 2010-11 ലെ വിനിയോഗിക്കാത്ത തുക- KWA, പാലക്കാട് | 937447/30.10.18 | 446244 | 3.11.18 |
| 3 | 2011-12 ലെ വിനിയോഗിക്കാത്ത തുക- KWA, പാലക്കാട് | 383354/7.05.19 | 251961 | 9.05.19 |

തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-10 വിവിധ ഭവന നിർമ്മാണ പദ്ധതികൾ - അവലോകനം

ബ്ലോക്ക് പഞ്ചായത്തിലെ വിവിധ ഭവന നിർമ്മാണ പദ്ധതികളുടെ നിലവിലെ സ്ഥിതി, പദ്ധതി പൂർത്തീകരണത്തിന് വിഘാതമായി നിൽക്കുന്ന കാരണങ്ങൾ, പദ്ധതി പൂർത്തീകരണത്തിന് സാധ്യമായ നടപടികൾ എന്നിവ പരിശോധിക്കുന്നതിനാണ് ഓഡിറ്റിൽ ലക്ഷ്യമിട്ടിരുന്നത്.

I. ഐ.എ.വൈ ഭവന പദ്ധതി - നിലവിലെ സ്ഥിതി

ഐ.എ.വൈ ഭവന പദ്ധതിയിൽ ഉൾപ്പെട്ട് ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത 143 ഗുണഭോക്താക്കളെ ലൈഫ് -ഫേസ് - 1 പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം | പ്രൊജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 151/19 | ലൈഫ് -ഫേസ് - 1(SCP) | 3132956 | 3132956 |
| 2 | 161/19 | ലൈഫ് -ഫേസ് - 1(ജനറൽ - പലിശ ഫണ്ട്) | 6394228 | 4464733 |

ഇതിൽ 2 ഗുണഭോക്താക്കൾക്ക് താഴെ പറയും പ്രകാരം ബാലൻസ് തുകകൾ അനുവദിക്കേണ്ടതായുണ്ട്.

| ഗുണഭോക്താക്കളുടെ വിവരം | വിഭാഗം | പഞ്ചായത്ത് | അർഹതപ്പെട്ട തുക | അനുവദിച്ചത് | ബാക്കി |
|---|---|---|---|---|---|
| ദേവകി, w/o ചന്ദ്രൻ | എസ്.സി | പെരുവെമ്പ് | 333333 | 300293 | 33040 |
| നാഗരാജ്, s/o വെള്ളയ്യൻ | എസ്.ടി | മുതലമട | 327870 | 215920 | 111950 |

ക്രമ നം - 2 പ്രകാരമുള്ള പദ്ധതിയിൽ ഐ.എ.വൈ -പ്ലാൻ (അക്കൗണ്ട് നം -PNB-67423), ഐ.എ.വൈ - സംസ്ഥാന വിഹിതം (അക്കൗണ്ട് നം -42044) എന്നീ

അക്കൗണ്ടുകളിൽ നിന്ന് പലിശയിനത്തിൽ 6394228 രൂപ വകയിരുത്തി 4464733 രൂപ ചെലവഴിച്ചിട്ടുണ്ട്.

2011-12 മുതൽ 2016-17വർഷം വരെയുള്ള ഐ.എ.വൈ ഭവന പദ്ധതിയിൽ ഉൾപ്പെട്ട് വിവിധ ഗഡുക്കൾ കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത 9 ഗുണഭോക്താക്കളുടെ പേരിൽ റവന്യൂ റിക്കവറി നടപടികളുടെ ഭാഗമായി IIIrd നോട്ടീസ് അയച്ചിട്ടുണ്ട്. ഇതിൽ 2 പേർ ലൈഫ് - ഫേസ്-1 പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2010-11 മുതൽ 2015-16വർഷം വരെയുള്ള ഐ.എ.വൈ പദ്ധതിയിൽ നിന്നും കേന്ദ്ര വിഹിതം പൂർണ്ണമായും ലഭിക്കാത്തതിനാൽ 280 ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിഭാഗം | ഗുണഭോക്താക്കളുടെ എണ്ണം | ലഭിക്കേണ്ട കേന്ദ്ര വിഹിതം |
|---|---|---|
| പട്ടികജാതി | 141 | 1219000 |
| പട്ടികവർഗ്ഗം | 41 | 262875 |
| മറ്റുള്ളവർ | 98 | 687800 |
| ആകെ | 280 | 2169675 |

ഐ.എ.വൈ പദ്ധതി പൂർത്തീകരിക്കാത്ത മുഴുവൻ ഗുണഭോക്താക്കളെയും ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്താതിരുന്നതിന് ബ്ലോക്ക് പഞ്ചായത്ത് താഴെ പറയും പ്രകാരമാണ് വിശദീകരണം സമർപ്പിച്ചിട്ടുള്ളത്. (ഓഡിറ്റ് അന്വേഷണം നം- 3/)

1. ഗുണഭോക്താക്കൾ പലരും സ്ഥലം മാറിപ്പോയി.

2. മുൻ വർഷങ്ങളിലെ ഗുണഭോക്താക്കളിൽ ചിലർ മരണപ്പെട്ടു.

3. ചില ഗുണഭോക്താക്കൾ ലൈഫ് പദ്ധതിയിലൂടെ ലഭിക്കുന്ന തുക ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് അപര്യാപ്തമാണെന്ന് കാണിച്ച് വിട്ടു നിന്നു.

II. പി.എം.എ.വൈ പദ്ധതി

| ക്രമ നം | പ്രൊജക്ട് നം | പ്രൊജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 154/19 | പി. എം.എ.വൈ (SCP) | 907000 | 736000+ 171000 |
| 2 | 148/19 | പി.എം.എ.വൈ | 13177282 | 1257645+ |

| | | | | |
|---|---|---|---|---|
| | | (ജനറൽ) | | 327637 |

2016-17, 2017-18 വർഷങ്ങളിൽ നടപ്പിലാക്കിയ മേൽ പദ്ധതികൾ പ്രകാരം ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത 18 ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

എ) പട്ടികജാതി വിഭാഗം

| ക്രമ നം | ഗുണഭോക്താവ് | പഞ്ചായത്ത് | അർഹത പ്പെട്ട തുക | അനു വദിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | പാറു, w/o പഴനി | കൊല്ലങ്കോട് | 331333 | 318800 | 12533 | |
| 2 | ചന്ദ്രിക, D/o കുപ്പായി | ടി | 364000 | 338400 | 25600 | |
| 3 | ദേവു, w/o ഷൺമുഖൻ | ടി | 384000 | 333600 | 50400 | |
| 4 | ചന്ദ്രിക, w/o ചന്ദ്രൻ | ടി | 384000 | 48000 | 336000 | ആർ.ആർ നടപടികൾ സ്വീകരി ച്ചിട്ടുണ്ട് |
| 5 | സത്യഭാമ, w/o രാജു | ടി | 400000 | 364000 | 36000 | |

ബി) പട്ടിക വർഗ്ഗ വിഭാഗം

| ക്രമ നം | ഗുണഭോക്താവ് | പഞ്ചാ യത്ത് | അർഹത പ്പെട്ട തുക | അനു വദിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ആറുമുഖൻ, s/o വടമല | മുതലമട | 384000 | 48000 | 72000 | ടി ഗുണഭോക്താക്കളുടെ സ്ഥലം സംബന്ധിച്ച് ബഹു. സുപ്രീം കോടതിയിൽ കേസ് നിലനിൽക്കുന്ന തിനാൽ ഇവർക്കുള്ള ധനസഹായം നിർത്തി വെക്കുന്നതിന് |
| 2 | അയ്യപ്പൻ, s/o പാപ്പു | ടി | 384000 | 48000 | 72000 | |
| 3 | ഇന്ദിര, w/o.ഈശ്വരൻ | ടി | 384000 | 48000 | 72000 | |
| 4 | രവി, s/o. ചെല്ലമുത്തു | ടി | 384000 | 48000 | 72000 | |
| 5 | സുബ്രഹ്മണ്യൻ, s/o ചെല്ലമുത്തു | ടി | 384000 | 48000 | 72000 | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ഡി.എഫ്.ഒ ഉത്തരവിട്ടിട്ടുണ്ട്. |
| 6 | മയിലാത്താൾ, w/o കെത്രൻ | ടി | 324666 | 309866 | 14800 | - |
| 7 | പാർവ്വതി, w/o കൃഷ്ണൻ | ടി | 320000 | 318100 | 1900 | - |

സി) ജനറൽ

| ക്രമ നം | ഗുണഭോക്താവ് | പഞ്ചായത്ത് | അർഹതപ്പെട്ട തുക | അനുവദിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|
| | വത്സല, w/o രവി | മുതലമട | 320000 | 248000 | 72000 | |
| | റസിയ, w/o മുസ്തഫ | പുതുനഗരം | 352000 | 16000 | 336000 | ആർ.ആർ നടപടികൾ സ്വീകരിച്ചിട്ടുണ്ട് |
| | കൃഷ്ണൻകുട്ടി, s/o തീത്തി | ടി | 320000 | 290000 | 30000 | |
| | ദേവകി, w/o കൃഷ്ണൻകുട്ടി | ടി | 292000 | 269000 | 23000 | |
| | വസന്ത, w/o രാജൻ | കൊടുവായൂർ | 224000 | 200000 | 24000 | |
| | അബ്ദുൾ കരീം, s/o അബ്ദുൾ അസീസ് | പുതുനഗരം | 400000 | 330000 | 70000 | |

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. വിവിധ ഭവന നിർമ്മാണ പദ്ധതികൾക്കായി മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നോ, കേന്ദ്ര, സംസ്ഥാന സർക്കാരുകളിൽ നിന്നോ ലഭ്യമായിട്ടുള്ളതും എന്നാൽ നിലവിൽ ഗുണഭോക്താക്കൾക്ക് നല്കുവാൻ ബാധ്യതപ്പെടാത്തതുമായ തുക (ബാങ്ക് അക്കൗണ്ടുകളിൽ അവശേഷിക്കുന്ന തുക പലിശ അടക്കം) ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് നടത്തുന്ന ഭവന പദ്ധതികളുടെ പൂർത്തീകരണത്തിന് വിനിയോഗിക്കാവുന്നതാണ്.

2. ഐ.എ.വൈ പദ്ധതി പ്രകാരം കേന്ദ്ര വിഹിതം ലഭിക്കാത്തതിനാൽ പദ്ധതി പൂർത്തീകരിക്കാത്ത 280 പേരെ പ്രത്യേക അനുമതിയോടുകൂടി ലൈഫ് ഫേസ്-1

ൽ ഉൾപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-11 ലൈഫ് ഭവന പദ്ധതി - ബ്ലോക്ക് വിഹിതം (ജനറൽ) - ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് നം -4/19 – ലൈഫ് ഭവന പദ്ധതി – ബ്ലോക്ക് വിഹിതം (ജനറൽ)

ബിൽ നം/ തീയതി - 36/14.08.18

ചെലവ് - 7000000

| ചെലവ് | ധനസഹായം ലഭ്യമായ പഞ്ചായത്ത് |
|---|---|
| 1040404 | കൊടുവായൂർ |
| 1479798 | മുതലമട |
| 944444 | കൊല്ലങ്കോട് |
| 848485 | പെരുവെമ്പ് |
| 545455 | പുതുനഗരം |
| 929293 | വടവന്നൂർ |
| 1212121 | പട്ടഞ്ചേരി |

മേൽ ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച തുകകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കി ഓഡിറ്റിനെ അിയിക്കേണ്ടതാണ്.

# 1-12 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുക - ധനവിനിയോഗം/ പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് നിക്ഷേപ പ്രവൃത്തികൾ നടത്തുന്നതിന് നൽകിയ തുകകളുടെ ധനവിനിയോഗം/പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമായിട്ടില്ല.

| ക്രമ നം | പ്രൊജക്ട് നം | അടങ്കൽ | പ്രവൃത്തിയുടെ പേര് | നിർവഹണ ഏജൻസി | ബിൽ നമ്പർ/ തീയതി | നൽകിയ തുക |
|---|---|---|---|---|---|---|
| 1 | 7/19 | 700000 | കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽവൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | കെ.എസ്.ഇ.ബി, മുതലമട<br>കെ.എസ്.ഇ.ബി, കൊല്ലങ്കോട് | 64/29.12.18 | 699933<br>(279428 + 420505) |
| 2 | 10/19 | 28100 | പുതുനഗരം ഗ്രാമപഞ്ചായത്തിലെ മലങ്കുഴി - പെരുന്തേനി വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | കെ.എസ്.ഇ.ബി, പുതുനഗരം | 45/27.10.18 | 28100 |
| 3 | 165/19 | 228268 | കരിപ്പോട് റെയിൽവെ ഗേറ്റ് മുതൽ കരിപ്പോട് തറയ്ക്ക് പോകുന്ന റോഡ് വരെയും പുതുനഗരം മാങ്ങോട് പണികുളമ്പ്- വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | കെ.എസ്.ഇ.ബി, കൊടുവായൂർ | 65/20.03.19 | 107822 |
| 4 | 42/19 | 1500000 | കൊടുവായൂർ ഗ്രാമപഞ്ചായത്തിൽ അക്വഡക്ട് പുനരുദ്ധാരണത്തിന് ബ്ലോക്ക് വിഹിതം | കൊടുവായൂർ ഗ്രാമപഞ്ചായത്ത്മുഖേന ഇറിഗേഷൻ ഡിവിഷൻ , ചിറ്റൂരിന് നൽതിയത് | 21/19.07.18 | 1500000 |

ക്രമ നം -3 പ്രകാരമുള്ള പദ്ധതിയിൽ നിർവ്വഹണ ഏജൻസിയായ കെ.എസ്.ഇ.ബി, കൊട്ടുവായൂരുമായി ബ്ലോക്ക് പഞ്ചായത്ത് കരാറിലേർപ്പെട്ടിട്ടില്ല. മുൻകൂർ അനുവദിക്കുമ്പോൾ കരാറിൽ ഏർപ്പെടേണ്ടതാണെന്ന് പദ്ധതി മാർഗ്ഗരേഖയിൽ പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്.

പദ്ധതി പൂർത്തീകരണം വൈകുകയോ മറ്റു കാരണങ്ങളാൽ പദ്ധതി പൂർണ്ണമായി നടപ്പിലാക്കാതെ ഇടയിൽ ഉപേക്ഷിക്കുകയോ ചെയ്താൽ കരാറിന്റെ അഭാവത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയില്ല. ആയതിനാൽ പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കുന്നതിനും, ചെലവ് തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കുന്നതിനും നിർവ്വഹണ ഏജൻസികളുമായുള്ള കരാറിൽ പ്രത്യേകം വ്യവസ്ഥ ചെയ്യേണ്ടതാണ്.

പ്രവൃത്തി പൂർത്തീകരണ വിവരം/ചെലവ് തുകകളുടെ വിനിയോഗവിവരം എന്നിവ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-13 വനിതാ ഗ്രൂപ്പിന് ഭവന നിർമ്മാണ സാമഗ്രികളുടെ നിർമ്മാണ യൂണിറ്റിന് ധനസഹായം - ബ്ലോക്ക് തലത്തിൽ കൃത്യമായ തുടർ മോണിട്ടറിങ്ങ് നടത്തേണ്ടതാണ്

പ്രൊജക്ട് നം – 173/19 – വനിതാ ഗ്രൂപ്പിന് ഭവന നിർമ്മാണ സാമഗ്രികളുടെ നിർമ്മാണ യൂണിറ്റിന് ധനസഹായം

അടങ്കൽ – 2015879

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം താഴെ പറയുന്ന ഗ്രാമപഞ്ചായത്തുകളിൽ ഭവന നിർമ്മാണ സാമഗ്രികളുടെ നിർമ്മാണ യൂണിറ്റുകൾ തുടങ്ങുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്.

| ഗ്രാമപഞ്ചായത്ത് | അനുവദിച്ച ധനസഹായം | ബിൽ നം/ തീയതി |
|---|---|---|
| പെരുവെമ്പ് | 400000<br>345000 | 50/13.11.18<br>55/29.12.18 |

| | | |
|---|---|---|
| വടവന്നൂർ | 600000 | 64/14.02.19 |
| പട്ടഞ്ചേരി | 500000 | 66/20.03.19 |

മേൽ യൂണിറ്റുകൾക്ക് അടിസ്ഥാന സൗകര്യമൊരുക്കുന്നതിനായാണ് ബ്ലോക്കിൽ നിന്നും തുകകൾ അനുവദിച്ചിട്ടുള്ളത്. ആയതിന്റെ പൂർത്തീകരണം, നിലവിൽ യൂണിറ്റുകളുടെ പ്രവർത്തനം തുകകളുടെ വിനിയോഗം സംബന്ധിച്ച് ഗ്രാമപഞ്ചായത്തുകൾ ലഭ്യമാക്കിയ രേഖകൾ, എന്നീ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 5/25.10.19) ബ്ലോക്ക് പഞ്ചായത്ത് താഴെ പറയും പ്രകാരമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

പെരുവെമ്പ് ഗ്രാമപഞ്ചായത്തിന് നൽകിയ 745000/-രൂപയിൽ 671765/-രൂപ വിനിയോഗിച്ച് നിർമ്മാണ പ്രവൃത്തി നടത്തിയിട്ടുണ്ട്. ബാക്കി തുക കൂടി ഉപയോഗിച്ച് പ്രവൃത്തി പൂർത്തീകരിച്ച് ഉടൻ പദ്ധതി പ്രകാരമുള്ള പ്രവർത്തനം ആരംഭിക്കുന്നതാണ്.

പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിന് 22.03.19 നാണ് തുക കൈമാറിയിട്ടുള്ളത്. താമസം വിനാ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം തുടങ്ങുന്നതാണ്.

വടവന്നൂർ ഗ്രാമപഞ്ചായത്തിന് 14.02.19 നാണ് തുക കൈമാറിയിട്ടുള്ളത്. പദ്ധതി തുകയായ 600000/-രൂപ നവംബർ/2019 വരെയും ചെലവഴിക്കപ്പെടാതെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതായി പ്രസ്തുത ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് വേളയിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതിയും, കുടുംബശ്രീയും സംയോജിപ്പിച്ച് നടപ്പാക്കുന്ന നിർമ്മാണ സാമഗ്രികളുടെ യൂണിറ്റിന്റെ പ്രവർത്തനം സംബന്ധിച്ച മാർഗ്ഗരേഖ - സ.ഉ (കൈ) നം.137/18/ത.സ്വ.ഭ.വ തീയതി 24.09.2018 ലെ നിർദ്ദേശങ്ങളനുസരിച്ച് പദ്ധതി കാര്യക്ഷമമായും, സുതാര്യമായും നടപ്പാക്കുന്നതിനും നിർവ്വഹണ പുരോഗതിയും, വെല്ലുവിളികളും യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിനായും ജനറൽ എക്സ്റ്റൻഷൻ ഓഫീസർ, എക്സ്റ്റൻഷൻ ഓഫീസർ (വനിതാ ക്ഷേമം), ജോയിന്റ് ബി.ഡി.ഒ (എംപ്ലോയ് മെന്റ് ഗ്യാരണ്ടി സ്കീം) എന്നിവരുടെ സേവനം ഉറപ്പാക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, വികസന സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ, സെക്രട്ടറി എന്നിവർ ഉൾപ്പെട്ട സമിതി ഇതിന് മേൽനോട്ടം വഹിക്കേണ്ടതുമാണ്. ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പ് (സ്ത്രീകളുടെയും, കുട്ടികളുടെയും വികസനം) പദ്ധതിയുടെ പുരോഗതി സംബന്ധിച്ച് തുടർ മോണിട്ടറിങ്ങ് കാര്യക്ഷമമാക്കേണ്ടതാണ്.

മേൽ ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച തുകകളുടെ വിനിയോഗ, പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-14 കൊടുവായൂർ വൃദ്ധ വികലാംഗ സദനത്തിലേക്ക് മരുന്നു വാങ്ങൽ

പ്രൊജക്റ്റ് നമ്പർ - 164/19 – കൊടുവായൂർ വൃദ്ധ വികലാംഗ സദനത്തിലേക്ക് മരുന്നു വാങ്ങൽ

അടങ്കൽ - 200000

ചെലവ് - 199984/-

നിർവ്വഹണം - സൂപ്രണ്ട്, വൃദ്ധ വികലാംഗ സദനം, കൊടുവായൂർ

സാമൂഹ്യ ക്ഷേമ വകുപ്പിൽ നിന്ന് കൈമാറിക്കിട്ടിയ സ്ഥാപനമായ കൊടുവായൂർ വൃദ്ധ വികലാംഗ സദനത്തിലേക്ക് മരുന്ന് വാങ്ങലിനായി 199984/-രൂപ വികസന ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. മരുന്നുകൾ വാങ്ങിയിട്ടുള്ളത് കൊടുവായൂർ മെഡിക്കൽ സർവ്വീസസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നുമാണ്. ചെലവിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ബിൽ നം, തീയതി | ചെലവ് |
|---|---|
| 1/27.12.18 | 76973 (ഇതിൽ 28259/-രൂപ ആയുർവ്വേദ മരുന്നുകളുടെ വാങ്ങലിനാണ് വിനിയോഗിച്ചിട്ടുള്ളത്.) |
| 2/26.02.19 | 26997 |
| 4/18.03.19 | 7734 |
| ആകെ | 111704/- |

13-ാം പദ്ധതി മാർഗ്ഗരേഖ – സ.ഉ (കൈ)നം.11/2018 ത.സ്വ.ഭ.വ തീയതി 29.01.2018 ലെ നിർദ്ദേശ പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറുടെ non availability certificate ന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നുമാണ് മരുന്നുകൾ വാങ്ങാവുന്നത്.

അലോപ്പതി - കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ

ആയുർവ്വേദം - ഔഷധി, ആയുർധാര, ഭേഷജം, പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റി

മാർഗ്ഗരേഖക്ക് വിരുദ്ധമായ വാങ്ങലിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-11/28.10.19) നിർവ്വഹണോദ്യോഗസ്ഥൻ താഴെ പറയും പ്രകാരമാണ് മറുപടി സമർപ്പിച്ചിട്ടുള്ളത് .

"വൃദ്ധ വികലാംഗ സദനത്തിന്റെ പാർട്ട് ടൈം മെഡിക്കൽ ഓഫീസറായ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ മെഡിക്കൽ ഓഫീസറുടെ നിർദ്ദേശ പ്രകാരമുള്ള മരുന്നുകളാണ് അന്തേവാസികൾക്ക് നൽകുന്നത്. മരുന്നുകൾക്ക് non availability certificate കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ നിന്ന് ലഭ്യമാക്കുന്നുണ്ട്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ സെയിൽസ് ഔട്ട് ലെറ്റ് പാലക്കാട് മാത്രമാണ് ഉള്ളത്. ഈ സ്ഥാപനത്തിൽ നിന്ന് 15 കിമി അകലെയുള്ള പാലക്കാട് ജില്ലാ മെഡിക്കൽ സെന്ററിൽ നിന്ന് മരുന്നുകൾ വാങ്ങി ചികിത്സ നടത്തുക എന്നത് പ്രായോഗികമല്ല. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് മരുന്നുകൾ കടമായി ലഭിക്കുകയില്ല. അന്നേരത്തെ ചികിത്സക്കായി വേണ്ടി വരുന്ന മരുന്നുകൾ മാത്രം വാങ്ങുന്നതു കൊണ്ട് bulk purchase നടത്തുവാനും സാധിക്കുകയില്ല.

